# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

2025 നവംബർ 1 ശനി

# ഔദ്യോഗിക റിപ്പോർട്ട്


## വാല്യം 198 –നമ്പർ  1

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## 2025 നവംബർ 1, ശനി


സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീമതി ആർ. ഹേമലത



എഡിറ്റിങ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. ഒ. ആർ. കേളു |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ്ജ് |

**അംഗങ്ങൾ**

1. ശ്രീ. പി. അബ്ദുൽ ഹമീദ് (വള്ളിക്കുന്ന്)
2. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടയ്ക്കൽ)
4. ശ്രീ. അഹമ്മദ് ദേവർകോവിൽ (കോഴിക്കോട് സൗത്ത്)
5. ശ്രീ. എൻ. കെ. അക്ബർ (ഗുരുവായൂർ)
6. ശ്രീ. മഞ്ഞളാംകുഴി അലി (മങ്കട)
7. ശ്രീമതി ഒ. എസ്. അംബിക (ആറ്റിങ്ങൽ)(എസ്.സി)
8. ശ്രീ. ജി. ആർ. അനിൽ (നെടുമങ്ങാട്)
9. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ)(എസ്.സി)
10. ശ്രീ. അനൂപ് ജേക്കബ് (പിറവം)
11. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
12. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
13. ശ്രീ. ആന്റണി രാജു (തിരുവനന്തപുരം)
14. ശ്രീ. അൻവർ സാദത്ത് (ആലുവ)
15. ശ്രീ. എം. എസ്. അരുൺ കുമാർ (മാവേലിക്കര)(എസ്.സി)
16. ശ്രീ. ആര്യാടൻ ഷൗക്കത്ത് (നിലമ്പൂർ)
17. ശ്രീമതി സി. കെ. ആശ (വൈക്കം) (എസ്.സി)
18. ശ്രീ. എ. കെ. എം. അഷ്റഫ് (മഞ്ചേശ്വരം)
19. ശ്രീ. കെ. ബാബു (നെന്മാറ)
20. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
21. ശ്രീ. പി. ബാലചന്ദ്രൻ (തൃശ്ശൂർ)
22. ശ്രീ. കെ. എൻ. ബാലഗോപാൽ (കൊട്ടാരക്കര)
23. ശ്രീ. പി. കെ. ബഷീർ (ഏറനാട്)

24. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻബത്തേരി)(എസ്.ടി)
25. ഡോ. ആർ. ബിന്ദു (ഇരിങ്ങാലക്കുട)
26. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)
27. ശ്രീ. ചാണ്ടി ഉമ്മൻ (പുതുപ്പള്ളി)
28. ശ്രീമതി ജെ. ചിഞ്ചുറാണി (ചടയമംഗലം)
29. ശ്രീ. പി. പി. ചിത്തരഞ്ജൻ (ആലപ്പുഴ)
30. ശ്രീമതി ദെലീമ (അരൂർ)
31. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)
32. ശ്രീ. കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)
33. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ)(എസ്.സി)
34. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ (തളിപ്പറമ്പ്)
35. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)
36. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)
37. ഡോ. കെ. ടി. ജലീൽ (തവനൂർ)
38. ശ്രീമതി കാനത്തിൽ ജമീല (കൊയിലാണ്ടി)
39. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)
40. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)
41. ശ്രീ. കെ. യു. ജനീഷ് കുമാർ (കോന്നി)
42. ശ്രീ. ജോബ് മൈക്കിൾ (ചങ്ങനാശ്ശേരി)
43. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)
44. ശ്രീ. വി. ജോയി (വർക്കല)
45. ശ്രീ. ഒ. ആർ. കേളു (മാനന്തവാടി)(എസ്.ടി)
46. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)
47. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വേങ്ങര)
48. ശ്രീ. സി. എച്ച്. കുഞ്ഞമ്പു (ഉദുമ)

49. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ (കുറ്റ്യാടി)

50. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ)(എസ്.സി)

51. ശ്രീ. യു. എ. ലത്തീഫ് (മഞ്ചേരി)

52. ശ്രീ. ലിന്റോ ജോസഫ് (തിരുവമ്പാടി)

53. ശ്രീ. ടി. ഐ. മധുസൂദനൻ (പയ്യന്നൂർ)

54. ശ്രീ. സി. ആർ. മഹേഷ് (കരുനാഗപ്പള്ളി)

55. ശ്രീ. കെ. പി. എ. മജീദ് (തിരൂരങ്ങാടി)

56. ശ്രീ. പി. മമ്മിക്കുട്ടി (ഷൊർണ്ണൂർ)

57. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)

58. ശ്രീ. മാണി സി. കാപ്പൻ (പാലാ)

59. ഡോ. മാത്യു കുഴൽനാടൻ (മൂവാറ്റുപുഴ)

60. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)

61. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)

62. ശ്രീ. പി. എ. മുഹമ്മദ് റിയാസ് (ബേപ്പൂർ)

63. ശ്രീ. കെ. പി. മോഹനൻ (കൂത്തുപറമ്പ്)

64. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)

65. ശ്രീ. കുറുക്കോളി മൊയ്തീൻ (തിരൂർ)

66. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)

67. ശ്രീ. മുഹമ്മദ് മുഹസിൻ (പട്ടാമ്പി)

68. ശ്രീ. എം. മുകേഷ് (കൊല്ലം)

69. ശ്രീ. സി. സി. മുകുന്ദൻ (നാട്ടിക)(എസ്.സി)

70. ഡോ. എം. കെ. മുനീർ (കൊടുവള്ളി)

71. ശ്രീ. ഡി. കെ. മുരളി (വാമനപുരം)

72. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)

73. ശ്രീ. നജീബ് കാന്തപുരം (പെരിന്തൽമണ്ണ)

74. ശ്രീ. പി. നന്ദകുമാർ (പൊന്നാനി)

75. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)

76. ശ്രീ. എം. നൗഷാദ് (ഇരവിപുരം)

77. ശ്രീ. എ. പ്രഭാകരൻ (മലമ്പുഴ)

78. ശ്രീ. യു. ആർ. പ്രദീപ് (ചേലക്കര)

79. ശ്രീ. പ്രമോദ് നാരായൺ (റാന്നി)

80. ശ്രീ. പി. പ്രസാദ് (ചേർത്തല)

81. ശ്രീ. വി. കെ. പ്രശാന്ത് (വട്ടിയൂർക്കാവ്)

82. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)

83. ശ്രീമതി യു. പ്രതിഭ (കായംകുളം)

84. ശ്രീ. കെ. പ്രേംകുമാർ (ഒറ്റപ്പാലം)

85. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)

86. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)

87. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ (പാലക്കാട്)

88. ശ്രീ. എ. രാജ (ദേവികുളം)(എസ്.സി)

89. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)

90. ശ്രീ. കെ. രാജൻ (ഒല്ലൂർ)

91. ശ്രീ. പി. രാജീവ് (കളമശ്ശേരി)

92. ശ്രീ. എം. ബി. രാജേഷ് (തൃത്താല)

93. ശ്രീ. കെ. കെ. രാമചന്ദ്രൻ (പുതുക്കാട്)

94. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)

95. ശ്രീ. ടി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)

96. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)

97. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ (കോഴിക്കോട് നോർത്ത്)

98. ശ്രീമതി കെ. കെ. രമ (വടകര)

99. ശ്രീ. റോജി എം. ജോൺ (അങ്കമാലി)

100. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)

101. ശ്രീ. കെ. എം. സച്ചിൻദേവ് (ബാലുശ്ശേരി)(എസ്.സി)

102. ശ്രീ. സജീവ് ജോസഫ് (ഇരിക്കൂർ)

103. ശ്രീ. സജി ചെറിയാൻ (ചെങ്ങന്നൂർ)

104. ശ്രീ. എച്ച്. സലാം (അമ്പലപ്പുഴ)

105. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)

106. ശ്രീ. സനീഷ്കുമാർ ജോസഫ് (ചാലക്കുടി)

107. ശ്രീമതി ശാന്തകുമാരി കെ. (കോങ്ങാട്)(എസ്.സി)

108. ശ്രീ. എ. കെ. ശശീന്ദ്രൻ (ഏലത്തൂർ)

109. ശ്രീ. വി. ശശി (ചിറയിൻകീഴ്)(എസ്.സി)

110. ശ്രീ. വി. ഡി. സതീശൻ (പറവൂർ)

111. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)

112. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ (പൂഞ്ഞാർ)

113. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (മട്ടന്നൂർ)

114. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)

115. ശ്രീ. ടി. സിദ്ദിഖ് (കല്പറ്റ)

116. ശ്രീ. വി. ശിവൻകുട്ടി (നേമം)

117. ശ്രീ. പി. വി. ശ്രീനിജിൻ (കുന്നത്തുനാട്)(എസ്.സി)

118. ശ്രീ. ജി. സ്റ്റീഫൻ (അരുവിക്കര)

119. ഡോ. സുജിത് വിജയൻപിള്ള (ചവറ)

120. ശ്രീ. കെ. വി. സുമേഷ് (അഴീക്കോട്)

121. ശ്രീ. പി. പി. സുമോദ് (തരൂർ)(എസ്.സി)

122. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)

123. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)

124. ശ്രീ. പി. എസ്. സുപാൽ (പുനലൂർ)

125. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)

126. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)

127. ശ്രീ. തോമസ് കെ. തോമസ് (കുട്ടനാട്)

128. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)

129. ശ്രീമതി ഉമ തോമസ് (തൃക്കാക്കര)

130. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ (വൈപ്പിൻ)

131. ശ്രീ. വി. എൻ. വാസവൻ (ഏറ്റുമാനൂർ)

132. ശ്രീമതി വീണാ ജോർജ്ജ് (ആറന്മുള)

133. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)

134. ശ്രീ. പിണറായി വിജയൻ (ധർമ്മടം)

135. ശ്രീ. എം. വിജിൻ (കല്ല്യാശ്ശേരി)

136. ശ്രീ. എം. വിൻസെന്റ് (കോവളം)

137. ശ്രീ. ടി. ജെ. വിനോദ് (എറണാകുളം)

138. ശ്രീ. പി. സി. വിഷ്ണുനാഥ് (കുണ്ടറ)

139. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി (വടക്കാഞ്ചേരി)

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

### ശ്രീ. പിണറായി വിജയൻ : മുഖ്യമന്ത്രി

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തിക കാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി

മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ

പേഴ്സണൽ ആൻഡ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്

തെരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരന്തനിവാരണം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്സ്

മെട്രോ റെയിൽ

അന്തർസംസ്ഥാന നദീജലം

കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ

കേരള സ്റ്റേറ്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആൻഡ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

നയപരമായി പ്രധാനപ്പെട്ട എല്ലാ വിഷയങ്ങളും

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

**ശ്രീ. വി. അബ്ദുറഹിമാൻ : ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി**

ന്യൂനപക്ഷക്ഷേമം

കായികം

വഖഫും ഹജ്ജ് തീർത്ഥാടനവും

കമ്പിത്തപാൽ

റെയിൽവെ

**ശ്രീ. ജി. ആർ. അനിൽ : ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി**

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

**ശ്രീ. കെ. എൻ. ബാലഗോപാൽ : ധനകാര്യ വകുപ്പുമന്ത്രി**

ധനകാര്യം

നാഷണൽ സേവിംഗ്സ്

പൊതുസംഭരണ ഉപദേശകകാര്യം

വാണിജ്യ നികുതി

കാർഷികാദായ നികുതി

ട്രഷറികൾ

ലോട്ടറി

സ്റ്റേറ്റ് ഓഡിറ്റ്

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

സ്റ്റാമ്പ് ആന്റ് സ്റ്റാമ്പ് ഡ്യൂട്ടി

**ഡോ. ആർ. ബിന്ദു : ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി**

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ, ഡിജിറ്റൽ സർവ്വകലാശാലകൾ ഒഴികെ)

പ്രവേശന പരീക്ഷകൾ

എൻ.സി.സി.

അസാപ് (ASAP)

സാമൂഹ്യനീതി

**ശ്രീമതി ജെ. ചിഞ്ചുറാണി : മൃഗസംരക്ഷണ–ക്ഷീരവികസന വകുപ്പുമന്ത്രി**

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാല

**ശ്രീ. കെ. ബി. ഗണേഷ് കുമാർ : ഗതാഗത വകുപ്പുമന്ത്രി**

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

**ശ്രീ. ഒ. ആർ. കേളു : പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി**

പട്ടികജാതി ക്ഷേമം

പട്ടികവർഗ്ഗ ക്ഷേമം

പിന്നാക്കസമുദായ ക്ഷേമം

**ശ്രീ. കെ. കൃഷ്ണൻകുട്ടി : വൈദ്യുതി വകുപ്പുമന്ത്രി**

വിദ്യുച്ഛക്തി

അനെർട്ട്

**ശ്രീ. പി. എ. മുഹമ്മദ് റിയാസ് : പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി**

പൊതുമരാമത്ത്

വിനോദസഞ്ചാരം

**ശ്രീ. പി. പ്രസാദ് : കൃഷി വകുപ്പുമന്ത്രി**

കൃഷി

സോയിൽ സർവെ

സോയിൽ കൺസർവേഷൻ

കാർഷിക സർവകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

**ശ്രീ. കെ. രാജൻ : റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി**

ലാൻഡ് റവന്യൂ

സർവെയും ലാൻഡ് റെക്കോർഡ്സും

ലാൻഡ് റിഫോംസ്

ഭവനനിർമ്മാണം

**ശ്രീ. പി. രാജീവ് : നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി**

നിയമം

വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആൻഡ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈൽസും

ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ്

കയർ

കശുവണ്ടി വ്യവസായം

പ്ലാന്റേഷൻ ഡയറക്ടറേറ്റ്

**ശ്രീ. എം. ബി. രാജേഷ് : തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി**

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

എക്സൈസ്

പാർലമെന്ററികാര്യം

**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി**

രജിസ്ട്രേഷൻ

കാഴ്ചബംഗ്ളാവുകൾ

പുരാവസ്തു

പുരാരേഖ

**ശ്രീ. റോഷി അഗസ്റ്റിൻ : ജലവിഭവ വകുപ്പുമന്ത്രി**

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഭൂജല വകുപ്പ്

ശുദ്ധജല വിതരണവും ശുചീകരണവും

**ശ്രീ. സജി ചെറിയാൻ : മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി**

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

ഫിഷറീസ് സർവകലാശാല

സാംസ്കാരികം

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

യുവജനകാര്യം

**ശ്രീ. എ. കെ. ശശീന്ദ്രൻ : വനം-വന്യജീവി വകുപ്പുമന്ത്രി**

വനം

വന്യജീവി സംരക്ഷണം

**ശ്രീ. വി. ശിവൻകുട്ടി : പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി**

പൊതുവിദ്യാഭ്യാസം

സാക്ഷരതാ മിഷൻ

തൊഴിൽ

തൊഴിലും പരിശീലനവും

നൈപുണ്യം

പുനരധിവാസം

ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്

ഇൻഷ്വറൻസ് മെഡിക്കൽ സർവീസ്

ഇൻഡസ്ട്രിയൽ ട്രിബ്യൂണൽസ്

ലേബർ കോടതികൾ

**<u>ശ്രീ. വി. എൻ. വാസവൻ : തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി</u>**

തുറമുഖം

സഹകരണം

ദേവസ്വം

**<u>ശ്രീമതി വീണാ ജോർജ്ജ് : ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി</u>**

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

മെഡിക്കൽ സർവകലാശാല

ഇൻഡിജിനസ് മെഡിസിൻ

ആയുഷ്

ഡ്രഗ്സ് കൺട്രോൾ

വനിത-ശിശു ക്ഷേമം

ഭക്ഷ്യസുരക്ഷ

SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No. KLS/8405/2025/Table-1. Thiruvananthapuram, 17th October, 2025.

In exercise of the powers conferred by Clause (1) of Article 174 of the Constitution of India, the Governor of the State of Kerala hereby summons the Fifteenth Kerala Legislative Assembly to meet for its Fifteenth Session at 09.00 a.m. on Saturday, 1st November, 2025 in the Assembly Chamber, Legislature Complex, Thiruvananthapuram.

ഇന്ത്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (1)-ാം ഖണ്ഡം നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പതിനഞ്ചാം കേരള നിയമസഭ അതിന്റെ പതിനഞ്ചാം സമ്മേളനത്തിലേയ്ക്കായി 2025 നവംബർ 1-ാം തീയതി, ശനിയാഴ്ച രാവിലെ 9.00-ന് തിരുവനന്തപുരത്ത് നിയമസഭാ കോംപ്ലക്സിലുള്ള നിയമസഭാ ചേംബറിൽ സമ്മേളിക്കുന്നതാണെന്ന് ഇതിനാൽ അറിയിപ്പ് നൽകുന്നു.

By Order of the Governor,

DR. N. Krishna Kumar,
Secretary,
Kerala Legislative Assembly.

**ഉള്ളടക്കം**

I **ചട്ടം സസ്പെൻഡ് ചെയ്യണമെന്ന ഉപക്ഷേപം**

-തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്)

II **ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

അതിദാരിദ്ര്യമുക്ത കേരളം

- മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ)

III **ഉപക്ഷേപം**

സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നത് സംബന്ധിച്ച്

- മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ)

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

2025 നവംബർ 1, ശനി

---

വാല്യം 198} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 1

---

പതിനഞ്ചാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനം 2025 നവംബർ മാസം 1-ാം തീയതി ശനിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ ദേശീയഗാനാലാപനത്തോടെ നിയമസഭാ ഹാളിൽ ആരംഭിച്ചു.

മി. സ്പീക്കർ: ഓർഡർ....... ഓർഡർ...... ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്ക് ശനിയാഴ്ച ദിവസമായ ഇന്ന് സഭ യോഗം ചേരുന്നതിനായി ബന്ധപ്പെട്ട ചട്ടം താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിനുള്ള ഉപക്ഷേപം

അവതരിപ്പിക്കാവുന്നതാണ്.

**I. ചട്ടം സസ്പെൻഡ് ചെയ്യണമെന്ന ഉപക്ഷേപം**

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, "2025 നവംബർ 1 ശനിയാഴ്ച ദിവസമായ ഇന്ന് സഭ യോഗം ചേരുന്നതിലേക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 13 (2)-ലെ വ്യവസ്ഥ താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന ഉപക്ഷേപം ചട്ടം 313 പ്രകാരം ഞാൻ അവതരിപ്പിക്കുന്നു. .....(ബഹളം).....

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി അവതരിപ്പിച്ച ഉപക്ഷേപം അംഗീകരിക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): പ്രതിപക്ഷം ഒരു കാര്യം നിയമസഭയിൽ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ശബരിമല സ്വർണ്ണപ്പാളി വിഷയവുമായി ബന്ധപ്പെട്ട് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നും ദേവസ്വം ബോർഡ് പിരിച്ചുവിടണമെന്നും ആവശ്യപ്പെട്ട് കഴിഞ്ഞ സഭാ സമ്മേളന കാലയളവ് മുതൽ ഞങ്ങൾ സഭയ്ക്കകത്തും പുറത്തും സമരം നടത്തിവരികയാണ്. അതുകൊണ്ട് സഭാ നടപടികളുമായി സഹകരിക്കാൻ ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. മുഖ്യമന്ത്രിക്ക് ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന അവതരിപ്പിക്കാൻ വേണ്ടി മാത്രമായി ചട്ടങ്ങൾ ലംഘിച്ച് ഒരു സഭാ സമ്മേളനം ചേരുകയാണ്. അതിന് എന്ത് പ്രസക്തിയാണുള്ളത്? മാത്രമല്ല, കേരളം അതീവ ദരിദ്രരഹിത സംസ്ഥാനമാണെന്ന് ചട്ടം 300 പ്രകാരം മുഖ്യമന്ത്രി നടത്തുന്ന പ്രസ്താവന ശുദ്ധ തട്ടിപ്പാണ് ......(ബഹളം)...... അതിന് കൂട്ടുനിൽക്കാൻ ഞങ്ങൾക്കാവില്ല. സഭയെ അവഹേളിച്ചുകൊണ്ടാണ് ഇന്ന് ചട്ടം 300

പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് അവതരിപ്പിക്കുന്നത്. രാവിലെ പത്രത്തിൽ വന്ന പരസ്യം ചട്ടം 300 പ്രകാരം മുഖ്യമന്ത്രി സഭയിൽ അവതരിപ്പിക്കുന്നതിൽ എന്ത് പ്രസക്തിയാണുള്ളത്? അതുകൊണ്ട് ഞങ്ങൾ സഭാനടപടികൾ പൂർണ്ണമായും ബഹിഷ്കരിക്കുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ട് സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി.)

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഇന്ന് കേരളപ്പിറവി ദിനമാണ്. കേരളപ്പിറവി ദിനത്തിൽ കേരളം കൈവരിച്ച ഒരു ചരിത്ര നേട്ടത്തിൽ അഭിമാനിക്കുന്നതിനുപകരം അത് സഹിക്കാൻ കഴിയാതെ ഇറങ്ങിപ്പോകുന്ന പ്രതിപക്ഷത്തെ ചരിത്രം എക്കാലവും വിലയിരുത്തും. ചരിത്രം ഇവരെ കുറ്റക്കാരെന്ന് വിധിക്കും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞത് തീർത്തും അപ്രസക്തമായ

കാര്യമാണ്. 2025 നവംബർ 1-ന് സംസ്ഥാനത്തെ അതിദാരിദ്ര്യമുക്തമായി പ്രഖ്യാപിക്കുമെന്ന് നേരത്തെതന്നെ അറിയിച്ചിട്ടുള്ളതാണ്. മന്ത്രിസഭായോഗം നടന്ന കഴിഞ്ഞ ദിവസം ഒരു കുടുംബം മാത്രമായിരുന്നു അതിദാരിദ്ര്യ മുക്തമാകാൻ ബാക്കിയുണ്ടായിരുന്നത്. മന്ത്രിസഭ നടന്നുകൊണ്ടിരിക്കെയാണ് ആ കുടുംബം അതിദാരിദ്ര്യമുക്തമാകുന്ന കാര്യം വെബ്സൈറ്റിൽ വന്നത്. മന്ത്രിസഭായോഗത്തിനുശേഷം പത്രസമ്മേളനം നടത്തുമ്പോൾ അക്കാര്യം ഞാൻ പരസ്യമായി പറഞ്ഞിട്ടുള്ളതാണ്. ഇതൊന്നും രഹസ്യമല്ല, കേരളത്തിന് അകത്തും പുറത്തുമുള്ളവർ അറിഞ്ഞിട്ടുള്ളതാണ്. എന്തിനാണ് പ്രതിപക്ഷം ഇതിനെ ഭയപ്പെടുന്നതെന്നാണ് ഒരു തരത്തിലും മനസ്സിലാകാത്തത്. ചരിത്രപ്രധാനമായ ഇക്കാര്യം നമ്മുടെ നാടിനെയും രാജ്യത്തെയും ലോകത്തെയും അറിയിക്കുന്നതിന് ഏറ്റവും ഉചിതമായ മാർഗമായതിനാലാണ് നിയമസഭയുടേതായ നടപടിക്രമത്തിലൂടെ ഇത് പ്രഖ്യാപിക്കാൻ തീരുമാനിച്ചത്. ഇത് തട്ടിപ്പാണെന്ന ആക്ഷേപം സ്വന്തം ശീലങ്ങളിൽനിന്ന് പറയുന്നതാണ്. നടപ്പാക്കാനാവുന്ന കാര്യങ്ങൾ മാത്രമേ

ഞങ്ങൾ പറയാറുള്ളൂ. കേരളത്തിലെ ജനങ്ങൾ ഞങ്ങൾക്ക് നൽകുന്ന അംഗീകാരത്തിന്റെ അടിസ്ഥാനവും അതുതന്നെയാണ്. അതുകൊണ്ടുതന്നെ ഇതിനകത്ത് പറഞ്ഞകാര്യം നടപ്പാക്കിയിട്ടുണ്ട്. ഇപ്പോൾ നടപ്പാക്കിയ കാര്യം നിലനിർത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുപോകും. അതാണ് പ്രതിപക്ഷനേതാവിനുള്ള മറുപടി എന്ന നിലയ്ക്ക് എനിക്ക് പറയാനുള്ളത്.

**[9.03 AM]**

**II. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

അതിദാരിദ്ര്യമുക്ത കേരളം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ദേശീയ പ്രസ്ഥാനം ഒരു നൂറ്റാണ്ടുമുമ്പ് ഉയർത്തിയതാണ് ഭാഷാസംസ്ഥാനങ്ങളുടെ രൂപീകരണം. പക്ഷെ, സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള ആദ്യ നാളുകളിൽ ഇതിനായി ദീർഘമായ പോരാട്ടങ്ങൾ വേണ്ടിവന്നു. ഈ പോരാട്ടങ്ങളുടെ പരിണിതഫലമാണ് ഐക്യകേരള രൂപീകരണം. ഐക്യകേരളം എന്ന മലയാളികളുടെ സ്വപ്നസാക്ഷാത്കാരം യാഥാർത്ഥ്യമായശേഷം 69 വർഷം

ഇന്ന് പൂർത്തിയാകുകയാണ്.

ഓരോ കേരളപ്പിറവി ദിനവും നാം ആഹ്ലാദത്തോടെ ആഘോഷിക്കാറുണ്ട്. എന്നാൽ ഈ വർഷത്തെ കേരളപ്പിറവി ദിനം കേരള ജനതയ്ക്കാകെ ഒരു പുതുയുഗപ്പിറവിയുടെ ദിനമാണ്.

അതിദരിദ്രരില്ലാത്ത ആദ്യത്തെ ഇന്ത്യൻ സംസ്ഥാനമായി നമുക്ക് കേരളത്തെ മാറ്റാൻ കഴിഞ്ഞു എന്ന കാരണത്താൽ ചരിത്രത്തിൽ ഇടംനേടുന്ന കേരളപ്പിറവിയാണ് ഇന്ന്.

ചരിത്രപ്രധാനമായ ഒട്ടനവധി നിയമനിർമ്മാണങ്ങൾക്കും നയ പ്രഖ്യാപനങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുള്ള നിയമസഭയാണിത്. നവകേരള സൃഷ്ടിയുടെ ഒരു നാഴികക്കല്ല് കൂടി പിന്നിടുന്ന ചരിത്ര മുഹൂർത്തത്തിലാണ് ഈ സഭ സമ്മേളിക്കുന്നത്.

2021-ൽ പുതിയ മന്ത്രിസഭയുടെ സത്യപ്രതിജ്ഞയ്ക്കുശേഷം ചേർന്ന ആദ്യ മന്ത്രിസഭാ യോഗത്തിൽ എടുത്ത പ്രധാന തീരുമാനമായിരുന്നു അതിദാരിദ്ര്യ നിർമ്മാർജ്ജനം. നിയമസഭാ തെരഞ്ഞെടുപ്പ് വേളയിൽ ജനങ്ങൾക്ക് നൽകിയ ഒരു സുപ്രധാന വാഗ്ദാനം നിറവേറ്റുന്നതിന്റെ തുടക്കം

കൂടിയായിരുന്നു ഇത്.

ഇതേത്തുടർന്ന് രണ്ട് മാസത്തിനുള്ളിൽത്തന്നെ അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്താനുള്ള പ്രക്രിയ ആരംഭിച്ചു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)-ന്റെ നേതൃത്വത്തിൽ ഇത്തരം കുടുംബങ്ങളെ കണ്ടെത്താനായി നിയമസഭാംഗങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടെ സജീവ ജനപങ്കാളിത്തത്തോടെയാണ് ഈ പ്രക്രിയ നടന്നത്.

എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടും അവരുടെ അഭിപ്രായങ്ങളിലൂടെ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ടും ഗുണഭോക്തൃ കുടുംബങ്ങളെ കണ്ടെത്തിയാണ് ചരിത്രപ്രധാനമായ ഈ പദ്ധതിക്ക് ആരംഭം കുറിച്ചത്.

അതിദാരിദ്ര്യ നിർണ്ണയം പൈലറ്റ് അടിസ്ഥാനത്തിൽ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലും അഞ്ചുതെങ്ങ്, തിരുനെല്ലി ഗ്രാമപഞ്ചായത്തുകളിലും

നടപ്പാക്കി. പിന്നീട് ഇത് സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിച്ചു.

തദ്ദേശസ്ഥാപന തലത്തിൽ നടത്തിയ വിവരശേഖരണത്തിലൂടെ കണ്ടെത്തിയ കുടുംബങ്ങളെ സൂക്ഷ്മപരിശോധന നടത്തി വാർഡ് സമിതികൾ ശിപാർശ ചെയ്തു. ഈ കുടുംബങ്ങളെ സംബന്ധിച്ച് മൊബൈൽ ആപ്പ് വഴി കൂടുതൽ വിവരങ്ങൾ ശേഖരിച്ചു. ഇത് സൂപ്പർ ചെക്കിന് വിധേയമാക്കുകയും കരട് പട്ടിക തയ്യാറാക്കുകയും ചെയ്തു. ഈ പട്ടിക ഗ്രാമസഭകളിൽ അവതരിപ്പിച്ച് അതിൽ നിന്നാണ് 1032 തദ്ദേശസ്ഥാപനങ്ങളിലായി 64006 കുടുംബങ്ങളിലെ 103099 വ്യക്തികളെ അതിദരിദ്രരായി കണ്ടെത്തിയത്. നേരത്തെ സൂചിപ്പിച്ചതുപോലെ, വിപുലമായ പങ്കാളിത്താധിഷ്ഠിതമായ പ്രക്രിയയിലൂടെയാണ് ഗുണഭോക്തൃ നിർണ്ണയം നടത്തിയത്.

ആഹാരം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നിവയാണ് അതിദരിദ്രരെ നിർണ്ണയിക്കുന്നതിനുള്ള ക്ലേശഘടകങ്ങളായി കണക്കാക്കിയത്. അതിനുശേഷം ഹ്രസ്വകാല-ഇടക്കാല-ദീർഘകാല പരിപാടികളായി തരംതിരിച്ചുകൊണ്ട് ഓരോ കുടുംബത്തിനും മൈക്രോപ്ലാനുകൾ തയ്യാറാക്കി.

2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ 50 കോടി രൂപ വീതവും 2025-26-ൽ 60 കോടി രൂപയും ഈ പദ്ധതിക്കായി പ്രത്യേകം അനുവദിച്ചു. ആരോഗ്യ പരിപാലനത്തിനും ഭവന നിർമ്മാണത്തിനും ജീവനോപാധികൾ ഉറപ്പാക്കുന്നതിനുമാണ് ഈ തുക വിനിയോഗിച്ചത്.

നാം ഇപ്പോൾ കൈവരിച്ചത് അനിതരസാധാരണമായ നേട്ടമാണ്. എവിടെ നിന്നാണ് നമ്മൾ ഇവിടെ എത്തിയത് എന്നതിനെക്കുറിച്ച് ഒരു ഹ്രസ്വ അവലോകനം ഇവിടെ പ്രസക്തമാണ്.

അഞ്ച് ദശാബ്ദങ്ങൾക്ക് മുമ്പ് (1970 നവംബർ) 'ഏഷ്യൻ സർവേ' എന്ന അക്കാദമിക് ജേർണലിൽ കേരളത്തിന്റെ അന്നത്തെ സ്ഥിതിയെപ്പറ്റി റോബർട്ട് എൽ ഹാർഡ്ഗ്രേവ് എന്ന പ്രശസ്ത സാമൂഹ്യശാസ്ത്രജ്ഞൻ പറഞ്ഞത് ഇപ്രകാരമാണ്.

*".......കേരളത്തിന്റെ പ്രതിശീർഷ വരുമാനം ഇന്ത്യൻ സംസ്ഥാനങ്ങളിൽ വളരെ താഴെയാണ്. ഉയർന്ന ജനന നിരക്കും ഭൂമിക്കുമേലുള്ള സമ്മർദ്ദവും ഈ കൊച്ചുസംസ്ഥാനത്തിൽ വളരെ അധികമാണ്."*

എന്നാൽ, ഇന്നത്തെ കേരളം അതല്ല. ജനനനിരക്കും മരണനിരക്കും കുറയ്ക്കുന്നതിൽ നാം ഏറെ നേട്ടങ്ങൾ കൈവരിച്ചിരിക്കുന്നു. കാർഷിക ബന്ധങ്ങളിലെ സമഗ്ര പരിഷ്കരണവും ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ പൊതു ഇടപെടലും ശക്തമായ പൊതുവിതരണ സമ്പ്രദായവും നമ്മുടെ പുരോഗതിയിൽ വഹിച്ച പങ്ക് വളരെ വലുതാണ്.

ഐക്യരാഷ്ട്രസഭയുടെ ഇക്കണോമിക് & സോഷ്യൽ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് മുഖേന നടത്തിയ 1975-ലെ "കേരളത്തിലെ ദാരിദ്ര്യം, തൊഴിലില്ലായ്മ, വികസന നയം" എന്ന വിഷയത്തിലെ പഠന റിപ്പോർട്ടിൽ പേജ് 11-ലെ പട്ടിക 1-ൽ 15 ഇന്ത്യൻ സംസ്ഥാനങ്ങളിൽ 1961-62-ലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനസംഖ്യയുടെ ശതമാനം എത്രയാണെന്ന് കാണിച്ചിട്ടുണ്ട്.

ഈ കണക്കുകളെ വിമർശന വിധേയമാക്കിയിട്ടുണ്ടെങ്കിലും ഒരു കാര്യം ശ്രദ്ധേയമാണ്. കേരളത്തിൽ ഗ്രാമീണ മേഖലയിൽ 90.75 ശതമാനവും നഗര മേഖലയിൽ 88.89 ശതമാനവും ജനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയായിരുന്നു. അതായത്, അക്കാലത്ത് ഇന്ത്യൻ

സംസ്ഥാനങ്ങൾക്കിടയിൽ ഏറ്റവും കൂടുതൽ ജനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയായിരുന്നത് കേരളത്തിലായിരുന്നു. അവിടെ നിന്നാണ് കേരളം ഇന്ന് അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്ത ആദ്യത്തെ ഇന്ത്യൻ സംസ്ഥാനമായി തലയുയർത്തി നിൽക്കുന്നത്.

നീതി ആയോഗിലെ വിദഗ്ധരുടെ അനുമാനത്തിൽ ബഹുമുഖ ദാരിദ്ര്യ സൂചിക പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കേരളത്തിലെ ജനസംഖ്യ 2022-23-ൽ 0.48 ശതമാനമാണ്. ഇതനുസരിച്ച് 164640 പേരാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളത്. 2025-ലെ കേരള ജനസംഖ്യ 3.60 കോടി ആയിട്ടാണ് അനുമാനിക്കപ്പെടുന്നത്. ഇതിൽ 172800 ആളുകളാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതായി നീതി ആയോഗിന്റെ കണക്കുകൾ കാണിക്കുന്നത്. ഇതിൽ ഉൾപ്പെട്ട 64006 കുടുംബങ്ങളിലെ 103099 പേരെയാണ് അതിദരിദ്രരായി കണ്ടെത്തിയത്.

ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന നിരക്ക് 26.59 ശതമാനമാണ്. അഖിലേന്ത്യാ ശരാശരി 11.28 ശതമാനമാണ്. ബഹുജന പ്രസ്ഥാനങ്ങളും പുരോഗമന സ്വഭാവമുള്ള സർക്കാരുകളും നടത്തിയ

നിരന്തരമായ ഇടപെടലുകളാണ് നാം കൈവരിച്ച ഈ നേട്ടത്തിന് പിന്നിൽ.

സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്ന പശ്ചാത്തല സൗകര്യ വികസന പദ്ധതികൾ നടപ്പാക്കുന്നതിനൊപ്പം ഒരു വിഭാഗത്തിൽപ്പെട്ട ജനങ്ങളും പാർശ്വവൽക്കരിക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുക എന്നത് സംസ്ഥാന സർക്കാരിന്റെ സുപ്രധാന ലക്ഷ്യമാണ്. ഇതിന്റെ ഭാഗമായാണ് വിവിധ ക്ഷേമപ്രവർത്തനങ്ങൾക്ക് സർക്കാർ ഊന്നൽ നൽകുന്നത്. ഈ ക്ഷേമ പ്രവർത്തനങ്ങളുടെ അവിഭാജ്യ ഘടകമാണ് അതിദാരിദ്ര്യ നിർമ്മാർജ്ജനം.

അടിസ്ഥാന രേഖകൾ പോലുമില്ലാതെ ബുദ്ധിമുട്ടിയിരുന്നവർക്കായി 'അവകാശം അതിവേഗം' എന്ന യജ്ഞം നടത്തി. 21,263 പേർക്കാണ് ഇതിലൂടെ സേവനങ്ങളും രേഖകളും ലഭ്യമാക്കിയത്. ആരോഗ്യ ഇൻഷ്വറൻസ്, റേഷൻ കാർഡ്, ആധാർ കാർഡ്, തൊഴിൽ കാർഡ്, ബാങ്ക് അക്കൗണ്ട്, തിരിച്ചറിയൽ കാർഡ് തുടങ്ങിയവയൊക്കെ എത്തിച്ചുകൊടുത്തു.

മൂന്ന് നേരവും ആഹാരം കണ്ടെത്താൻ കഴിയാത്തവർക്ക് ഭക്ഷ്യക്കിറ്റുകളും തടസ്സമില്ലാത്ത ആഹാരലഭ്യതയും ഉറപ്പാക്കി.

കുടുംബശ്രീയുടെ ജനകീയ ഹോട്ടലുകൾ അടക്കം ഇതിന് ഉപയോഗിച്ചു. 20,648 അതിദരിദ്ര കുടുംബങ്ങൾക്ക് ഇന്ന് ഭക്ഷണം ഉറപ്പാക്കുന്നുണ്ട്. ആരോഗ്യ സേവനം, മരുന്ന് ലഭ്യത, വാക്സിനേഷൻ, കൂട്ടിരിപ്പ് എന്നിവയൊക്കെ ഉറപ്പുവരുത്തി. പാലിയേറ്റീവ് കെയർ മുതൽ അവയവമാറ്റ ശസ്ത്രക്രിയവരെ ലഭ്യമാക്കി. തൊഴിൽദിനങ്ങൾ സൃഷ്ടിച്ചും ജീവനോപാധികൾ നൽകിയും ഷെൽട്ടർ ഹോമുകൾ ഉറപ്പാക്കിയുമാണ് കാര്യങ്ങൾ മുന്നോട്ടുനീക്കിയത്.

പുതിയ വീട് വേണ്ടവർക്ക് അത്, ഭൂമിയും വീടും വേണ്ടവർക്ക് അത്, വീട് പുതുക്കി പണിയേണ്ടവർക്ക് അത്, എന്നിവയെല്ലാം ലഭ്യമാക്കി. ഭൂമി പതിച്ചുനൽകൽ അടക്കമുള്ള കാര്യങ്ങൾ സുഗമമാക്കി. സാമൂഹ്യക്ഷേമ പദ്ധതികൾ, പഠന സൗകര്യം, ഗ്രാമീണ തൊഴിലുറപ്പ്, ജീവനോപാധി വിതരണം തുടങ്ങിയവയിലൂടെ ഒരിടത്തും പട്ടിണിയില്ല എന്നുറപ്പാക്കി. മുഖ്യമന്ത്രിതലം മുതൽ കൃത്യമായ മേൽനോട്ടം നടത്തിയതും ഓരോ അവസരത്തിലും ഉപദേശ നിർദേശങ്ങൾ നൽകിയതും ലക്ഷ്യം കൈവരിക്കുന്നത് ദ്രുതഗതിയിലാക്കി.

അതിദരിദ്ര പട്ടികയിൽപ്പെട്ട 4677 കുടുംബങ്ങൾക്കാണ് വീട് ആവശ്യമായി വന്നത്. ലൈഫ് മിഷൻ മുഖേന വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി. അതുപോലെ 2713 കുടുംബങ്ങൾക്ക് ആദ്യം ഭൂമിയും പിന്നീട് ഭവന നിർമ്മാണത്തിനുള്ള സഹായവും നൽകി. ഭവന പുനരുദ്ധാരണം നടത്താൻ ഒരു ലക്ഷം രൂപ മാത്രം നൽകാനേ ചട്ടമുണ്ടായിരുന്നുള്ളൂ. എന്നാൽ അതിദരിദ്ര കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപവരെ നൽകുന്നതിനായി പ്രത്യേക നടപടികൾ സ്വീകരിച്ചു.

ഭൂമി ആവശ്യമുള്ളവർക്ക് അത് കണ്ടെത്തുന്നതിനായി ബൃഹത്തായ ഇടപെടലുകളാണ് ഉണ്ടായത്. 28 ഏക്കർ ഭൂമിയാണ് അതിനായി സ്പെഷ്യൽ ഡ്രൈവിലൂടെ കണ്ടെത്തിയത്. ഇതുകൂടാതെ 'മനസ്സോടിത്തിരി മണ്ണ്' യജ്ഞത്തിന്റെ ഭാഗമായി 2.03 ഏക്കർ ഭൂമിയും ലഭ്യമാക്കി. ഭൂമി നൽകാൻ മുന്നോട്ടുവന്ന എല്ലാ സുമനസ്സുകൾക്കും ഈയവസരത്തിൽ നന്ദി അറിയിക്കുന്നു.

വരുമാനമില്ലാതെ കഷ്ടത അനുഭവിച്ചിരുന്ന 4394 കുടുംബങ്ങൾക്ക് സ്വയം വരുമാനം നേടാനുള്ള സഹായം നൽകി. കുടുംബശ്രീ മുഖേന

ഉജ്ജീവനം പദ്ധതിയിലൂടെ 3822 പേർക്ക് പരിശീലനവും ധനസഹായവും ഉറപ്പാക്കി. 35041 കുടുംബങ്ങളെ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമാക്കി. ഇതിനുപുറമെ 228 പേർക്ക് ജിവനോപാധികളും നൽകി.

5132 കുടുംബങ്ങൾക്ക് റേഷൻ കാർഡ് ലഭ്യമാക്കി. 5583 കുട്ടികൾക്ക് വിദ്യാഭ്യാസ വകുപ്പ് മുഖേന പ്രത്യേക ശ്രദ്ധ നൽകുന്നതിനുള്ള പദ്ധതിയും വിദ്യാഭ്യാസ ആവശ്യങ്ങൾക്കായുള്ള യാത്രാ സൗജന്യവും നടപ്പാക്കി. 331 കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കി.

331 കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകി. 428 ഏകാംഗ കുടുംബങ്ങളെ സുരക്ഷിതമായ ഷെൽട്ടർ ഹോമുകളിലേക്ക് മാറ്റിപ്പാർപ്പിച്ചു. അതിനുപുറമെ 520 കുടുംബങ്ങളെയും മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്.

അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി 1,000 കോടിയിലധികം രൂപയാണ് കേരളം ചെലവഴിച്ചത്.

ദാരിദ്ര്യ ലഘൂകരണത്തിന്റെ ഭാഗമായി കേരളത്തിൽ നടന്ന പ്രവർത്തനങ്ങൾ അന്താരാഷ്ട്ര ശ്രദ്ധ ആകർഷിച്ചവയാണ്. 1940-കളിൽ തിരുവിതാംകൂറിൽ വലിയ തോതിൽ ഭക്ഷ്യക്ഷാമം അനുഭവപ്പെടുകയും പല

ഭാഗങ്ങളിലും കൊടിയ ദാരിദ്ര്യം നടമാടുകയും ചെയ്തു. മലബാറിലും തെക്കൻ കാനറയിലും ജന്മിമാരുടെ പൂഴ്ത്തിവയ്പ്പ് കാരണം ഭക്ഷ്യധാന്യങ്ങളില്ലാതെ സാധാരണ ജനങ്ങൾ വലയുന്ന അവസ്ഥയും സംജാതമായി. ഇതിനെതിരെ ചരിത്ര പ്രസിദ്ധമായ കർഷക സമരങ്ങളും തൊഴിലാളി സമരങ്ങളും അരങ്ങേറുകയും അവയെ സാമ്രാജ്യത്വ-നാട്ടുരാജാക്കന്മാരുടെ ഭരണകൂടങ്ങൾ ക്രൂരമായി അടിച്ചമർത്തുകയും ചെയ്തു.

1956-ൽ കേരള സംസ്ഥാനം രൂപീകൃതമായശേഷം നടന്ന സുപ്രധാന കാൽവയ്പായിരുന്നു കുടിയൊഴിപ്പിക്കൽ നിരോധനവും സമഗ്ര കാർഷികബന്ധ പരിഷ്കരണവും. 1960-കളിൽ രൂക്ഷമായ ഭക്ഷ്യക്ഷാമം അനുഭവപ്പെട്ടപ്പോൾ കേരളത്തിലെ ബഹുജന പ്രസ്ഥാനങ്ങൾ സംഘടിതമായ പ്രക്ഷോഭങ്ങൾ നടത്തുകയും തൽഫലമായി സാർവ്വത്രിക റേഷനിംഗ് സമ്പ്രദായം നടപ്പിൽ വരികയും ചെയ്തു.

കൂലിക്കായി കർഷകത്തൊഴിലാളികൾ നടത്തിയ പോരാട്ടങ്ങൾ ഉൾപ്പെടെ പട്ടിണിക്കും ദാരിദ്ര്യത്തിനുമെതിരെ ഒട്ടനവധി സമരങ്ങൾ ഉയർന്നുവന്നു. ഇവയ്ക്കൊപ്പം, പുരോഗമന സ്വഭാവമുള്ള സർക്കാരുകൾ

സാമ്പത്തിക ഞെരുക്കങ്ങൾക്കിടയിലും ക്ഷേമപ്രവർത്തനങ്ങൾ മുടക്കമില്ലാതെ നടപ്പാക്കിയത് കേരളത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനസംഖ്യയെ ഗണ്യമായി കുറച്ചുകൊണ്ടുവരാൻ സഹായകമായി.

അതിദാരിദ്ര്യ നിർമ്മാർജന പ്രക്രിയ ഇതിനുമുമ്പ് സാർവ്വത്രിക പൊതുവിതരണ സമ്പ്രദായത്തിനും ഭൂരാഹിത്യവും ഭവനരാഹിത്യവും നിർമ്മാർജ്ജനം ചെയ്യുന്നതിനും കൈക്കൊണ്ട നടപടികളുടെ തുടർച്ചയാണ്. ഇവയുടെയൊക്കെ ഫലമാണ് നാം ഇന്ന് പ്രഖ്യാപിക്കുന്ന ഈ അഭിമാനകരമായ നേട്ടം.

ഈ നിലയിൽ സമയബന്ധിതമായി ജനകീയ പങ്കാളിത്തത്തോടെ ക്ലേശകരമാംവിധമാണ് ലക്ഷ്യം സാധിച്ചത് എന്നത് എടുത്തുപറയേണ്ടതില്ലല്ലോ. അതിദാരിദ്ര്യമുക്ത പദവി സുസ്ഥിരമായി നിലനിർത്തുന്നതിനുള്ള ജാഗ്രത്തായ പ്രവർത്തനങ്ങളാണ് ഇനി നടക്കേണ്ടത്. മുക്തരായവരിലാരും തിരികെ അതിദാരിദ്ര്യത്തിലേക്ക് വീണുപോകില്ലെന്നുറപ്പാക്കണം. അതിനായി കാലാകാലങ്ങളിൽ കൃത്യമായ പരിശോധന നടത്തേണ്ടതുണ്ട്. ഇതിനായുള്ള നടപടികൾ സർക്കാർ

സ്വീകരിക്കും. വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾക്കായുള്ള രൂപരേഖ തയ്യാറായിട്ടുണ്ട്. അതിദാരിദ്ര്യമുക്തരായവരുടെ കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സാമൂഹികനീതി, തുല്യത എന്നിവ ഉറപ്പുവരുത്തുന്നതിനും ജാഗ്രതയോടെയുള്ളതും ജനപങ്കാളിത്തത്തോടെയുള്ളതുമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും.

ഇവിടെ എടുത്തുപറയേണ്ട മറ്റൊരു കാര്യം, അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിലൂടെ ഐക്യരാഷ്ട്രസഭ വിഭാവനം ചെയ്യുന്ന സുസ്ഥിരവികസന സൂചികയിൽ കേരളം ശ്രദ്ധേയമായ മുന്നേറ്റം നടത്തിയിരിക്കുന്നു എന്നതാണ്.

അതിദാരിദ്ര്യാവസ്ഥയിൽ കഴിഞ്ഞിരുന്ന വിഭാഗത്തെ വ്യാപകമായ ജനപങ്കാളിത്തത്തോടെ കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണത്തിന്റെയും അടിസ്ഥാനത്തിൽ മോചിപ്പിച്ചെടുക്കുകയാണ് നമ്മൾ ചെയ്തത്. കേരളത്തിലെ ജനങ്ങളോട് ഇന്ന് ഈ പ്രഖ്യാപനം നടത്തുന്ന സമയത്ത്, ഈ സഭയിൽ അംഗമായിരിക്കാൻ കഴിയുന്നുവെന്നത് മുഴുവൻ

ബഹുമാനപ്പെട്ട അംഗങ്ങൾക്കും അഭിമാനകരമായിരിക്കും എന്നതിൽ എനിക്കുറപ്പുണ്ട്.

ഈ സഭയുടെ പൊതുവായ സന്തോഷത്തിൽ പങ്കുചേർന്നുകൊണ്ട് അഭിമാനപൂർവം പ്രഖ്യാപിക്കട്ടെ,

**"കേരളം ഇന്ന് അതിദാരിദ്ര്യമുക്ത സംസ്ഥാനമായി മാറിയിരിക്കുന്നു."**

പുതിയ ഒരു മാതൃകകൂടി രാഷ്ട്രത്തിന് മുമ്പാകെ നാം സമർപ്പിക്കുകയാണ്. കേരളം പല ക്ഷേമ പ്രവർത്തനങ്ങളുടെയും പരീക്ഷണശാലയാണ്. അതിദാരിദ്ര്യ നിർമ്മാർജനത്തിന്റെ കാര്യത്തിലും നമ്മുടെ പരീക്ഷണങ്ങൾ രാജ്യത്തെ ഇതര സംസ്ഥാനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്ന മാതൃകയാകുമെന്ന് പ്രത്യാശിക്കാം.

തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ വകുപ്പ്, കില, കുടുംബശ്രീ മിഷൻ, ലൈഫ് മിഷൻ, റവന്യൂ, ഭക്ഷ്യ-പൊതുവിതരണം, കൃഷി, ഗതാഗതം, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യനീതി, തൊഴിൽ, രജിസ്ട്രേഷൻ, ഫിഷറീസ്, വനിത-ശിശു, വൈദ്യുതി, ജലവിഭവം, സഹകരണം തുടങ്ങിയവ ചേർന്ന വലിയ

കൂട്ടായ്മയാണ് പദ്ധതി വിജയിപ്പിക്കുന്നതിനായി രൂപപ്പെട്ടത്. സന്നദ്ധ പ്രവർത്തകർ, സാമൂഹിക പ്രവർത്തകർ, പൊതുജനങ്ങൾ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവരുടെ പങ്കാളിത്തവും സഹായവും മുൻകൈ പ്രവർത്തനങ്ങളും ഇതിനായി ഉപയോഗപ്പെടുത്തി. ഇതിൽ സഹകരിച്ചവർക്കൊക്കെ ഈ ഘട്ടത്തിൽ അകമഴിഞ്ഞ നന്ദി പറയട്ടെ.

62 ലക്ഷത്തോളം കുടുംബങ്ങൾക്ക് ക്ഷേമ പെൻഷൻ നൽകിയതും 4.70 ലക്ഷത്തോളം ഭവനരഹിത കുടുംബങ്ങൾക്ക് വീടുകൾ ലഭ്യമാക്കിയതും 6000-ത്തോളം ജനകീയാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചതും കുടുംബാരോഗ്യ കേന്ദ്രങ്ങൾ വ്യാപിപ്പിച്ചതും 43 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് ലഭ്യമാക്കിയതും നാല് ലക്ഷം കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കിയതും അടക്കമുള്ള നടപടികളാണ് കേരളത്തിലെ അതിദാരിദ്ര്യത്തിന്റെ വ്യാപ്തിയും തീവ്രതയും വലിയ അളവിൽ കുറയ്ക്കാൻ സഹായകരമായത്.

നവകേരള നിർമ്മിതിയുടെ ഒരു പ്രധാന നാഴികക്കല്ലുകൂടി നാം പിന്നിടുകയാണ്. എന്നാൽ ഇത് അവസാനമല്ല, പുതിയ തുടക്കമാണ്.

അതിദാരിദ്ര്യം വീണ്ടും തലപൊക്കുന്നില്ലെന്ന് ഉറപ്പുവരുത്തും. നവകേരളം കെട്ടിപ്പടുക്കുന്നതിനുള്ള നമ്മുടെ യാത്ര കൂടുതൽ ഊർജ്ജസ്വലമായി തുടരുമെന്ന പ്രഖ്യാപനം ബഹുമാനപ്പെട്ട സഭാംഗങ്ങളെയെല്ലാം സാക്ഷി നിർത്തി കേരള ജനതയെ അറിയിക്കുന്നതിൽ വളരെയേറെ സന്തോഷവും അഭിമാനവുമുണ്ട്.

നാടിന്റെ വികസനത്തിന്റെ ഗുണഫലം സമൂഹത്തിന്റെ എല്ലാ വിഭാഗത്തിനും ലഭിക്കുമ്പോൾ മാത്രമേ സാമൂഹ്യ വികസനവും സാമ്പത്തിക പുരോഗതിയും അർഥവത്താകുകയുള്ളൂ. അപ്പോൾ മാത്രമേ കേരളം എല്ലാ വിഭാഗം ജനങ്ങളുടെയും സ്വന്തം നാടായി മാറുകയുള്ളൂ. സജീവ ജനപങ്കാളിത്തത്തോടെയും സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സുമനസ്സുകളുടെയും സഹായത്തോടെയും സഹകരണത്തോടെയുമാണ് കേരളത്തിന് ലോകത്തിന്റെ സാമൂഹ്യ ഭൂപടത്തിൽ അനിഷേധ്യമായ സ്ഥാനം നേടാനായത്.

ഈ അഭിമാനകരമായ നേട്ടം കേരള ജനതയ്ക്കാകെ അവകാശപ്പെട്ടതാണ്. ഒരു ചരിത്ര മുഹൂർത്തത്തിനാണ് നമ്മൾ സാക്ഷ്യം

വഹിക്കുന്നത്. ഇതിലൂടെ നവകേരള സൃഷ്ടിക്കായുള്ള പ്രയാണത്തിൽ സുപ്രധാനമായ ഒരു പടവുകൂടി നമ്മൾ താണ്ടിയിരിക്കുകയാണ്.

ഒരു ജനതയാകെ ഒരുമയോടെ രംഗത്തിറങ്ങുകയും ലക്ഷ്യബോധത്തോടെ മുന്നേറുകയും ചെയ്താൽ നമുക്ക് അസാധ്യമായി ഒന്നുമില്ലെന്നാണ് ഈ നേട്ടം തെളിയിക്കുന്നത്.

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ഇന്ത്യയിലെ ആദ്യത്തെ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി കേരളം മാറുന്നതിലൂടെ ലോകോത്തരമായ ഒരു ചരിത്ര മുഹൂർത്തത്തിനാണ് കേരള നിയമസഭ സാക്ഷ്യം വഹിക്കുന്നത്. സാമൂഹിക സമത്വത്തിലൂന്നി, ജനങ്ങളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തി ഈ സംസ്ഥാനം ലോകത്തിന് മാതൃകയായി തലയുയർത്തുകയാണ്. സമൂഹത്തിൽ എല്ലാ വിഭാഗങ്ങൾക്കും സമാനമായ അവസരങ്ങളും വിഭവങ്ങളും ഉറപ്പാക്കുന്ന സർവതല സ്പർശിയായ വികസനമാണ് അതിദാരിദ്ര്യ നിർമ്മാർജനത്തിലൂടെ നാം യാഥാർഥ്യമാക്കുന്നത്. നാം ഏവരും പങ്കാളികളായ ഈ സഭാതലത്തിൽ നടത്തിയ ചർച്ചകളും വിമർശനങ്ങളും ഉന്നയിക്കപ്പെട്ട നിർദേശങ്ങളും

കൈക്കൊണ്ട തീരുമാനങ്ങളുമൊക്കെ നാടിന്റെ ഈ അപൂർവനേട്ടത്തിന് പിന്നിലുണ്ടെന്നത് ഈ സഭയിൽ അംഗങ്ങളായ നാമോരോരുത്തർക്കും അഭിമാനിക്കാവുന്ന കാര്യമാണ്. ഈ നേട്ടത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും ഈ സഭയ്ക്കുവേണ്ടി അഭിനന്ദിക്കുന്നതോടൊപ്പം എല്ലാവർക്കും കേരളപ്പിറവി ആശംസകളും നേരുന്നു.

**[9.32 AM]**

**III. ഉപക്ഷേപം**

സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 'സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്' എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

**ഓർഡർ ..... ഓർഡർ ...... സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നു.**

**(പതിനഞ്ചാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനം 2025 നവംബർ മാസം 01-ാം തീയതി ശനിയാഴ്ച രാവിലെ 09.33-ന് ദേശീയ ഗാനാലാപനത്തോടെ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.)**

*** * * * ***

## SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No. KLS/8405/2025/Table-1. Thiruvananthapuram, 08th November, 2025.

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Fifteenth Session of the Fifteenth Kerala Legislative Assembly with effect from November 1, 2025 at the conclusion of its sitting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പതിനഞ്ചാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനം 2025 നവംബർ 1-ാം തീയതി അതിന്റെ യോഗം അവസാനിച്ചതു മുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor,

DR. N. Krishna Kumar,
Secretary,
Kerala Legislative Assembly.